ടി.ബി (3) 9097/10

Speed Post.
Regd Post with A/A

പ്രിൻസിപ്പൽ കൃഷി ഓഫീസ്
എറണാകുളം, തീയതി, 08.11.2010

പ്രേഷിതൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)
പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം

സ്വീകർത്താവ്

റോസ്‌ലിൻ ജോസഫ്
ഡോർ നം. 28/3656, ഫസ്റ്റ് ഫ്ളോർ
സൊറനോരോ ചർച്ച് റോഡ്, എളങ്കുളം
കൊച്ചി, കേരള

സർ,

വിഷയം : വിവരാവകാശ നിയമം - 05 പ്രകാരം മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്
സൂചന : താങ്കളുടെ 18.10.10ലുള്ള അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ടിരുന്ന ചോദ്യങ്ങൾക്കുള്ള മറുപടി താഴെ ചേർക്കുന്നു.

1. **List of Panchayat involved in Scheme**

എറണാകുളം ജില്ലയിലെ 88 പഞ്ചായത്തുകളിലും 8 മുനിസിപ്പാലിറ്റികളിലും, 1 കോർപ്പറേഷനിലും പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ തൃക്കാക്കര, മരട്, ഏലൂർ എന്നീ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റി ആയി.

2. **Budget allocated for this scheme in those Panchayat**

കർഷക ദിനത്തിനായി 2005, 2006 വർഷങ്ങളിൽ 1250/- രൂപ വച്ചും 2007 മുതൽ 1500 രൂപ വച്ചും ഓരോ കൃഷി ഭവനിലും നൽകുന്നു. കൂടാതെ കർഷിക വികസന സമിതി കൂടുന്നതിലേക്കായി 200 - 500 രൂപ വരെ ഓരോ പഞ്ചായത്തിലും നൽകുന്നു.

3. **Functioning of Panchayyat Level Karshika Vikasana Samithy.**

എ. പഞ്ചായത്തിനു സമഗ്രമായ വികസനത്തിനു പ്ലാൻ, പ്രോജക്ട് ഇവയുടെ തയ്യാറാക്കൽ

ബി. പഞ്ചായത്തിലെ കർഷകർ, കൃഷി രീതികൾ മണ്ണ് എന്നിവയുടെ സ്ഥിതി വിവര കണക്കുകളുടെ വ്യക്തമായ വിവരം ശേഖരിക്കൽ

സി. അതാതു പ്രദേശത്തിനനുയോജ്യമായതും കാർഷിക വികസനത്തിനുതകുന്നതു മായ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളെ ഗവൺമെൻറ് മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുക.

ഡി. [illegible]

ഡി. കൃഷിവകുപ്പിലെ വിവിധ സ്കീമുകളുടെ പരിധിയിൽപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്യുക

ഇ. പഞ്ചായത്തിലെ വിവിധ കാർഷിക പരിപാടികളുടെ മൂല്യനിർണ്ണയം വിലയിരുത്തൽ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമാക്കുകയും വിജയകരമായും നടത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

എഫ്. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിര സഹായം എത്തിക്കുന്നതിന് കൂട്ടായ നടപടികൾ സ്വീകരിക്കുക.

ജി. പഞ്ചായത്തിൽ കൃഷി മേഖലയ്ക്ക് ഉപയോഗ്യമാകുന്ന ക്രെഡിറ്റിന്റെ വിലയിരുത്തലും മോണിറ്ററിംഗും.

എച്ച്. ഗുണനിലവാരമുള്ള ജൈവവളങ്ങളുടെ ലഭ്യത തിട്ടപ്പെടുത്തൽ.

4. **Details of Agmark Grading Laboratories in Ernakulam District**

സ്റ്റേറ്റ് അഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറി ഈ ജില്ലയിൽ മരട് എന്ന സ്ഥലത്ത് അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റിൽ പ്രവർത്തിച്ചു വരുന്നു.

5. **Extgent of this Scheme**

കൃഷി ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേൻ, പൊടിച്ച സുഗന്ധവിള ഉൽപ്പന്നങ്ങൾ, ആട്ട, അരി എന്നിവയുടെ അഗ്മാർക്ക് ഗ്രേഡിംഗും ലേബല്ലിംഗും ഇവിടെ നടത്തി വരുന്നു.

വിശ്വസ്തതയോടെ,

12/11/10

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)

9/11/10.

ബിക്സ. 9.11.10